## ക ത്തു ക ൾ

# ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ ആഗോളവേദി ഉണ്ടാകണം

**ലോകം** ഇന്ന് അനിവാര്യമായ ഒരു തിരിച്ചുപോക്കിന്റെ പാതയിലാണ്. ലോകശക്തികളെല്ലാം നിലപാടുകൾ പുനഃപരിശോധിക്കാനും പരസ്പരം അടുത്തറിയാനും ഒന്നിച്ചിരിക്കാനും തയാറാവുന്ന ആശ്വാസദായകമായ കാഴ്ചകളാണ് കാണുന്നത്.

തീവ്രശൈലി സ്വീകരിച്ചിരുന്ന ചില മുസ്‌ലിം സംഘങ്ങൾ തങ്ങളുടെ ശൈലി തെറ്റാണെന്ന് തിരിച്ചറിയുകയും ജനാധിപത്യത്തിന്റെയും മിതവാദത്തിന്റെയും ശൈലി സ്വീകരിക്കുകയും ചെയ്യുന്ന കാഴ്ച ഈജിപ്ത് മുതൽ കേരളം വരെ കാണുന്നു.

അമേരിക്കൻ പ്രസിഡന്റ് ഒബാമയുടെ സ്വരം ഇറാനും തുർക്കിക്കും ഒരളവിൽ സ്വീകാര്യമാവുന്നു എന്നു മാത്രമല്ല, തുർക്കി സന്ദർശിച്ച് അവരുമായി സൗഹൃദത്തിന് ഒബാമ തുടക്കം കുറിക്കുകയും ചെയ്തിരിക്കുന്നു.

മറ്റൊരു ഭാഗത്ത് കമ്യൂണിസ്റ്റ് ശക്തികേന്ദ്രങ്ങളിലൊന്നായ ചൈന പാകിസ്താൻ ജമാഅത്തെ ഇസ്‌ലാമിയുമായി സൗഹൃദം പങ്കുവെക്കുന്നു. ക്യൂബ, വെനിസ്വല പോലുള്ള രാജ്യങ്ങൾ ഇറാനോട് ചേർന്നുനിന്ന് പോരാടാൻ ആഗ്രഹിക്കുന്നു.

ഇസ്‌ലാം ഒരു കേന്ദ്രബിന്ദുവാകുന്നതും നമുക്കിവിടെകാണാനാവുന്നുണ്ട്. ഇത്തരം കാഴ്ചകൾ ഇസ്‌ലാമിക പ്രവർത്തകരെ സംബന്ധിച്ചേടത്തോളം സന്തോഷകരമാണ്. പക്ഷേ ഈവക കാഴ്ചകൾക്കു മുമ്പേ നാം കാണേണ്ട ഒന്നായിരുന്നു ലോക ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ കൂട്ടായ്മ. ശൈഖ് ഖറദാവിയുടെ നേതൃത്വത്തിൽ പണ്ഡിതന്മാരുടെ ഒരു കൂട്ടായ്മ ആഗോളതലത്തിൽ ഉണ്ടാക്കി എന്നത് മാറ്റിനിർത്തിയാൽ ഒരേ ആദർശം പ്രഖ്യാപിക്കുന്ന ലോക ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്ക് ഒരു വേദി ഉണ്ടാവേണ്ടത് ഇസ്‌ലാമിക മുന്നേറ്റത്തിന് അത്യാവശ്യമാണ്. ലോകത്തുള്ള മുഴുവൻ ഇസ്‌ലാമിക പ്രസ്ഥാനങ്ങളും ഒരു മേശക്ക് ചുറ്റും ഒരുമിച്ചെങ്കിൽ എന്ന് ആഗ്രഹിച്ചുപോവുന്നു.

**അബ്ദുല്ല ഹസനാർ ആലത്തൂർ**

# പലിശയോടുള്ള നിലപാട്

**പലിശയിലും** ഊഹക്കച്ചവടത്തിലും അധിഷ്ഠിതമായ ആധുനിക മുതലാളിത്ത സാമ്പത്തിക വ്യവസ്ഥ തകർന്നു തരിപ്പണമായിക്കൊണ്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ ഇസ്‌ലാമിക ബാങ്കിംഗുമായി ബന്ധപ്പെട്ട് *പ്രബോധന*ത്തിൽ വന്ന ഒ.കെ ഫാരിസിന്റെ ലേഖനങ്ങൾക്ക് കാര്യമായ പ്രതികരണങ്ങളൊന്നും കാണാത്തത് ഈ വിഷയത്തിലുള്ള നമ്മുടെ സമീപനത്തിന്റെ പ്രശ്നമാണെന്ന് തോന്നുന്നു.

ഷൈലോക്കിയൻ മനഃസ്ഥിതിയുള്ള ആധുനിക ബാങ്കുകൾ ചൂഷണത്തിന്റെ ഏറ്റവും വലിയ ഉപാധികളിലൊന്നായിത്തീരുമ്പോൾ മനുഷ്യന്റെ ക്ഷേമവും ഐശ്വര്യവും ഉറപ്പുവരുത്തുന്ന ഇസ്‌ലാമിക സാമ്പത്തിക വ്യവസ്ഥ പൊതുസമൂഹത്തിന് മുന്നിൽ ചർച്ചക്ക് വെക്കാൻ സാധിക്കേണ്ടതുണ്ട്.

പലിശയെ എന്തിനാണ് ഇസ്‌ലാം ഇത്ര കഠിനമായി എതിർക്കുന്നത് എന്നതിന്റെ കാരണം കൂടി നാം വ്യക്തമാക്കി കൊടുക്കണം. ആവശ്യത്തിനും അനാവശ്യത്തിനുമൊക്കെ മുസ്‌ലിം സമൂഹം പലിശ ഇടപാടുകളിൽ ഏർപ്പെട്ടുകൊണ്ടിരിക്കുകയാണ്. ആരെങ്കിലും ചോദ്യംചെയ്താൽ വിദ്യാഭ്യാസത്തിനും വാഹനത്തിനും വീടിനും വേണ്ടിയല്ലേ എന്ന മുടന്തൻ ന്യായങ്ങളാണ് പലരും പറയാറുള്ളത്.

പലിശയുമായി ബന്ധപ്പെടുന്നവൻ മാതാവിനെ നാൽപതു വട്ടം വ്യഭിചരിച്ചവനെ പോലെയാണെന്ന പ്രവാചകവചനത്തിന് മുസ്‌ലിം സമുദായത്തിലെ വലിയൊരു ഭാഗവും വേണ്ടത്ര ഗൗരവം കൊടുക്കുന്നില്ല.

പലിശ സമ്പ്രദായം എടുത്തുകളഞ്ഞ് പകരം ലാഭനഷ്ട പങ്കാളിത്തം നടപ്പിൽ വരുത്തിയ ബാങ്കുകളെയാണ് ഇസ്‌ലാമിക് ബാങ്കുകൾ എന്ന് വിളിക്കുന്നത്. ഇന്ത്യയിൽ ഇസ്‌ലാമിക് ബാങ്കിംഗ് ആരംഭിക്കുന്നതിൽ നിരവധി തടസ്സങ്ങളുണ്ട്. ഇതിൽ പ്രധാനപ്പെട്ടത് (ലേഖകൻ പരാമർശിക്കാതെ പോയത്) ഗവൺമെന്റ് സെക്യൂരിറ്റികളുടെ മേലും, ക്യാഷ് ഡെപ്പോസിറ്റുകളുടെ മേലും നിശ്ചിത തുക ബാങ്കുകൾ പലിശയടക്കണമെന്ന റിസർവ് ബാങ്കിന്റെ നിർദേശമാണ്. പലിശരഹിത ബാങ്കിംഗ് എന്ന സങ്കൽപം തന്നെ ഇസ്‌ലാമിക് ബാങ്കിംഗ് എന്ന പേരിലാണ് അറിയപ്പെടുന്നത്. രാജ്യത്ത് നിലവിലുള്ള പരിശരഹിത ബാങ്കിംഗ് വ്യവസ്ഥാപിതമല്ല. ഇതു കാരണം ഈ മേഖലയിലുള്ള ആളുകളുടെ നിക്ഷേപങ്ങൾ ഭീഷണി നേരിടുന്നു. നിലവിലുള്ള പലിശരഹിത സംഘങ്ങളുടെ മേൽനോട്ടം ഏറ്റെടുക്കുകയും ഇവയുടെ പ്രവർത്തനം ക്രമീകരിക്കുകയും ചെയ്യാൻ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ തയാറാകേണ്ടതുണ്ട്. മുസ്‌ലിംകളെയും രാജ്യത്തിന്റെ സമ്പദ്ഘടനയുടെ വികസനത്തിൽ പങ്കാളികളാക്കാനുള്ള ശ്രമം കൈക്കൊള്ളേണ്ടിയിരിക്കുന്നു.

**ടി.എം.സി സിയാദലി കാസർകോട്**
ziyadtmc1@gmail.com

# സമസ്ത – ജമ – മുജകൾ

**കേരളത്തിൽ** ശിഈ മുസ്‌ലിംകൾ വിരലിലെണ്ണാവുന്നവരേയുള്ളൂ; ശേഷിക്കുന്നവർ സുന്നികളാണ്. എന്നാൽ, ഈ വിഭാഗത്തെ സുന്നികളെന്നും തബ്‌ലീഗെന്നും മുജാഹിദെന്നും ജമാഅത്തെന്നുമൊക്കെയായി വിഭജിച്ച് പറയുന്നത് ഏറെ തെറ്റിദ്ധരിപ്പിക്കുന്നതാണ്.

'സമസ്ത'യുടെ വിഭാഗങ്ങൾ മാത്രം സുന്നികളെന്നും അല്ലാത്തവർ സുന്നികളല്ലെന്നുമുള്ള ധ്വനി പ്രയോഗത്തിലുണ്ട്. മുസ്‌ലിംകളിലെ അവാന്തര വിഭാഗങ്ങളെ പറ്റി സൂക്ഷ്മമായി പഠിച്ചിട്ടില്ലാത്ത അമുസ്‌ലിംകളിൽ വിശിഷ്യാ ഉദ്യോഗസ്ഥരിൽ ഇത് ഏറെ തെറ്റിദ്ധാരണയുളവാക്കിയിട്ടുണ്ട്. ഈയിടെ സംസ്ഥാന നിയമസഭയിൽ കേരളത്തിലെ മുസ്‌ലിം പള്ളികളുടെ മൊത്തം എണ്ണത്തെക്കുറിച്ചും, അവയിൽ ഓരോ വിഭാഗത്തിനുള്ളവയുടെ എണ്ണത്തെക്കുറിച്ചും ഉന്നയിക്കപ്പെട്ട ചോദ്യത്തിന് ഉദ്യോഗസ്ഥർ തയാറാക്കികൊടുത്ത മറുപടി വിചിത്രമാണ്. സമസ്ത, മുജാഹിദ്, ജമാഅത്ത് തുടങ്ങിയ സംഘടനകളെ മുസ്‌ലിം അവാന്തര വിഭാഗങ്ങളായി പരിചയപ്പെടുത്തുന്നത് അവസാനിപ്പിക്കണം.

**പി.പി മുനീർ അഴിയൂർ**



## ചാനൽ തുടങ്ങാൻ വൈകരുത്

*പ്രബോധനം* വാരികയുടെ വെബ്സൈറ്റ് യൂണികോഡി ലേക്ക് ചുവടുവെപ്പ് നടത്തിയത് നന്നായി. കമ്പ്യൂട്ടറും ഇന്റർനെറ്റും സർവ സാധാരണമായ ഈ കാലത്ത് തീർച്ച യായും ഈ മുന്നേറ്റം അഭിനന്ദനാർഹമാണ്. വിദേശ മല യാളികൾക്കായിരിക്കും ഇത് ഏറെ ഉപകരിക്കുക.

എന്നും നവോത്ഥാന മുന്നേറ്റത്തിന് നാന്ദികുറിക്കാറുള്ള ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ഭാഗത്തുനിന്ന് മാധ്യമരം ഗത്ത് ശക്തമായ ചുവടുവെപ്പുകൾ കേരളീയ സമൂഹം പ്രതീ ക്ഷിക്കുന്നുണ്ട്. അച്ചടി മാധ്യമരംഗത്ത് ഒരു വിപ്ലവം സൃഷ്ടിച്ച *മാധ്യമം* കേരളീയ സമൂഹം ആവേശത്തോടെ ഏറ്റുവാങ്ങി.

യുവാക്കളുടെ കുത്തക അവകാശപ്പെടുന്ന യുവജന പ്രസ്ഥാനങ്ങൾ മൗനികളാകാൻ തുടങ്ങിയപ്പോൾ സമരവും സേവനും മുഖമുദ്രയാക്കിയ ഒരു യുവജന സംഘത്തെ പ്രസ്ഥാനം കേരളത്തിനു സമർപ്പിച്ചു. അതും കേരളം ആവേ ശത്തോടെ ഏറ്റുവാങ്ങി.

പക്ഷേ, കേരളത്തിലെ ദൃശ്യമാധ്യമങ്ങൾ മുസ്‌ലിം സ മൂഹത്തെ വേട്ടയാടാൻ തുടങ്ങിയപ്പോൾ അതിന് തടയിടാൻ സമുദായത്തിന്റെ കൈയിൽ അത്തരമൊരു സംവിധാനമില്ല എന്നത് ദൗർഭാഗ്യകരമാണ്.

ഇസ്‌ലാമിക പ്രസ്ഥാനം ഈ മേഖലയിൽകൂടി കരു ത്തുറ്റ ചുവടുവെപ്പ് നടത്തേണ്ടിയിരിക്കുന്നു. കേരളീയ സമൂഹം ഇസ്‌ലാമിക പ്രസ്ഥാനത്തിലാണ് പ്രതീക്ഷ അർപ്പി ച്ചിരിക്കുന്നത്. ഇത്തരം ഒരു മുന്നേറ്റത്തെ തീർച്ചയായും സമൂഹം നെഞ്ചേറ്റുകതന്നെ ചെയ്യും.

**നിയാസ് മുഹമ്മദ്, ഫാറൂഖ് കോളേജ്**

## എല്ലാം ഒരു വിരൽതുമ്പിൽ

'**ഇന്റർനെറ്റും** സദാചാര ചിന്തകളും'(ലക്കം 45) വായിച്ചു. ഇന്റർനെറ്റിന്റെ വിശാലമായ സാധ്യതകളും സാധുതകളും നമ്മിൽനിന്ന് അകലെയല്ല. വികസിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ കമ്പ്യൂട്ടറും നെറ്റും അറിയാത്തവൻ നിര ക്ഷരൻ. വിദ്യാഭ്യാസത്തിനായിരിക്കാം നാം കൂടുതലായും ഇവ ഉപയോഗിക്കുന്നത്. എന്നാലിത് വിദ്യാർഥി-അധ്യാപക ബന്ധങ്ങൾതന്നെ ഇല്ലാതാകാനും കാരണമായേക്കാം. അധ്യാപകൻ കമ്പ്യൂട്ടറും നെറ്റും ഉപയോഗിച്ച് പല ദിക്കു കളിലുള്ള അനേകം വിദ്യാർഥികളെ പഠിപ്പിക്കുന്ന തലത്തി ലേക്ക് ഇനി സ്കൂൾ, കോളേജ് വിദ്യാഭ്യാസം നീങ്ങിയേ ക്കാം. സ്ഥാപനങ്ങളിൽ പോവാതെ വീട്ടിലിരുന്ന് തന്നെ വിദ്യ അഭ്യസിക്കുന്ന അവസ്ഥ!

ഉപകാരമുള്ളതും ഇല്ലാത്തതുമായ അനേകം സൈറ്റു കൾ ഇന്ന് ലഭ്യമാണ്. പല സൈറ്റുകളും തീരെ സുരക്ഷയി ല്ലാത്തതുമാണ്. കുട്ടികളിൽ അധികപേരും ഇതിന്റെ അടി മകളായിപ്പോകുന്നു.

വീട്ടിലെ എല്ലാവരും കാണുന്ന വിധം കമ്പ്യൂട്ടർ സ്ഥാപി ക്കുകയും കുട്ടികൾ എന്തു ചെയ്യുന്നു എന്ന് രക്ഷിതാക്കൾ അറിയുകയും വേണം. ഇതിന് രക്ഷിതാക്കളും കമ്പ്യൂട്ടർ പരിജ്ഞാനമുള്ളവരായിരിക്കണം. കുട്ടിക്ക് മാർക്ക് കുറഞ്ഞ തിന്റെ പേരിൽ സ്കൂളിൽ ഹാജരാകേണ്ടിവന്ന മാതാവ് പറഞ്ഞത് "ഏത് വിഷയത്തിൽ മാർക്ക് കുറഞ്ഞാലും അവന് കമ്പ്യൂട്ടറിൽ നല്ല മാർക്കുണ്ടാവും" എന്നാണ്. പിന്നീ ടാണ് മാതാവിന് മനസ്സിലായത് പഠനമുറിയിലിരുന്ന് മകൻ കമ്പ്യൂട്ടറിൽ കണ്ടുകൊണ്ടിരുന്നത് എന്താണെന്ന്!

**സുമാന സ്വാലിഹ്**

## *മലർവാടി* കാമ്പയിൻ വിജയിപ്പിക്കുക

ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളിൽ ഏറെ ശ്രദ്ധേയമായ സംരംഭമാണ് *മലർവാടി.* സമൂഹത്തിന്റെ ഭാവി തലമുറയിൽ സദ്‌വിചാരവും മൂല്യബോധവും കലാ സാഹി ത്യങ്ങളിൽ താൽപര്യവും വളർത്തി സന്തുലിതമായ വ്യക്തിത്വ രൂപീകരണത്തിന് സഹായിക്കുക എന്ന ലക്ഷ്യത്തോടെ വിജ്ഞാനവും വിനോദവും കൂട്ടിയി ണക്കുന്ന ബാലമാസികയാണ് *മലർവാടി.* കേരളത്തിലെ നിലവിലുള്ള വിദ്യാഭ്യാസ സാഹചര്യങ്ങൾ പരിഗണിച്ചും പുതിയ കാലത്തെ കുട്ടികളുടെ മനഃശാസ്ത്രം അപഗ്രഥി ച്ചും സൃഷ്ടിപരമായ അറിവിന്റെയും ആസ്വാദനത്തിന്റെയും കൗതുകകരമായ വാതായനങ്ങളാണ് *മലർവാടി* കുട്ടി കൾക്കു മുന്നിൽ തുറന്നുവെക്കുന്നത്. കുട്ടികളിൽ അന്വേ ഷണത്വര വളർത്തിക്കൊണ്ടുവരുന്നതിനും ഭൗതി കസംസ്കാരത്തിന്റെ ദുഷിച്ച സ്വാധീനങ്ങളിൽനിന്ന് അവരെ മോചിപ്പിക്കുന്നതിനും *മലർവാടി* പോലുള്ള ഒരു പ്രസിദ്ധീ കരണത്തിന്റെ ആവശ്യകത ആർക്കും നിഷേധിക്കാനാവില്ല. കുട്ടികളുടെ അഭിരുചികളെ സ്വാധീനിച്ച് കേവല ഭൗതിക മായ കമ്പോള താൽപര്യത്തിനൊത്ത് അവരെ വളർത്താൻ ശ്രമിക്കുന്ന ലോക സാഹചര്യമാണ് ഇന്നുള്ളത്. ഭൂത പ്രേതാ ദികളുടെയും മായക്കാഴ്ചകളുടെയും ഹാസ്യര സങ്ങളുടെയും മാത്രം പുറകെ പായേണ്ടവരല്ല നമ്മുടെ കുട്ടികൾ. ചെറുപ്പകാലങ്ങളിൽ തന്നെ അവരുടെയുള്ളിൽ നന്മയുടെയും ധർമത്തിന്റെയും വിത്തു വിതക്കാൻ നമുക്ക് കഴിയണം. ഈ തിരിച്ചറിവിൽനിന്നാണ് *മലർവാടി* ജന്മം കൊണ്ടത്. അന്ന് മലയാള സാഹിത്യ തറവാട്ടിലെ കാരണ വരായിരുന്ന മർഹൂം വൈക്കം മുഹമ്മദ് ബശീറിനെപ്പോലെ യുള്ള പ്രമുഖ എഴുത്തുകാർ *മലർവാടി*യെ ഉള്ളഴിഞ്ഞ് സഹായിച്ചത് അതുകൊണ്ടാണ്. ഇന്നും പ്രശസ്തരായ ധാരാളം ബാലസാഹിത്യകാരന്മാർ *മലർവാടി*യെ സഹാ യിച്ചു വരുന്നുണ്ട്.

സമുദായത്തിൽ ബാലപ്രസിദ്ധീകരണ മേഖല ശൂന്യ മായിരുന്ന സന്ദർഭത്തിലാണ് നാം *മലർവാടി*ക്ക് തുടക്കമി ട്ടത്. അന്നതിനെ എതിർക്കുകയും പരിഹസിക്കുകയും ചെ യ്തവർ ഇന്ന് സ്വന്തമായി പ്രസിദ്ധീകരണങ്ങൾ ആരംഭിച്ചി രിക്കുന്നുവെന്നത് ശ്രദ്ധേയമാണ്.

വായനാ ലോകത്ത് നമ്മുടെ കുട്ടികളെ സ്വാധീനിക്കുന്ന അനാശാസ്യ പ്രവണതകളെക്കുറിച്ചുള്ള തികഞ്ഞ ബോധ്യം, *മലർവാടി*യുടെ പ്രസക്തിയും അത് കൂടുതൽ കുട്ടികളുടെ കൈകളിലെത്തേണ്ടതിന്റെ അനിവാര്യതയും നമ്മെ നിരന്തരം ഓർമിപ്പിക്കുന്നു. അതിനാൽ ഇസ്‌ലാമിക പ്രസ്ഥാനം 2009 മെയ് 1 മുതൽ 15 വരെ *മലർവാടി*യുടെ പ്രചാരണപക്ഷമായി പ്രഖ്യാപിച്ചിരിക്കുകയാണ്. ഈ കാമ്പയിൻ വൻ വിജയമാക്കാൻ അകമഴിഞ്ഞ പിന്തുണ നൽകണമെന്ന് എല്ലാ പ്രവർത്തകരോടും അഭ്യർഥിക്കുന്നു.

**ടി. ആരിഫലി**

**ഹൽഖാ അമീർ, ജ.ഇ കേരള**